പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ - 5914 28.10.2011 -ൽ മറുപടിയ്ക്ക്

ക്രിമിനൽ സ്വഭാവമുള്ള പോലീസുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ | ക്രിമിനൽ സ്വഭാവമുള്ള പോലീസുകാർ സമൂഹത്തിന്റെ സുരക്ഷയെ ബാധിക്കുമെന്ന് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഉണ്ട് |
| ബി | ഇത് സംബന്ധമായി ഡി.ജി.പി. സമർപ്പിച്ച റിപ്പോർട്ട് കോടതി അംഗീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ അടങ്ങിയ പുതിയ റിപ്പോർട്ട് കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ; | ബി | ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി)നം.11777/11 കേസിന്റെ 27.9.11ലെ ഉത്തരവ് പ്രകാരം ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് പുന:പരിശോധിച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി | ക്രിമിനൽ സ്വഭാവമുള്ളവരെ അകറ്റി നിർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | സി | പോലീസ് സേനയെ കുറ്റവാളികളിൽ നിന്ന് വിമുക്തമാക്കി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി എ.ഡി.ജി.പി. മാർ അടങ്ങുന്ന ഒരു അച്ചടക്ക അവലോകന കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പോലീസ് സേനയിൽ തുടരാൻ അയോഗ്യരായവരെ നീക്കം ചെയ്യുന്നതു ൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ